പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1202

20.03.2012 - ൽ മറുപടിക്ക്

## ദേശീയപാതാവികസനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയപാത വികസനം സംബന്ധിച്ച നടപടികൾ എത്രത്തോളം പുരോഗതി പ്രാപിച്ചിട്ടുണ്ട്; ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എൻ.എച്ച് 17- ന്റേയും എൻ.എച്ച്.47-ന്റേയും വികസനം എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തി യിരിക്കുന്നത്.<br><br>എൻ.എച്ച്. 17 -ൽ തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭാഗത്തെ പണി അവാർഡ് ചെയ്തിട്ടുണ്ട്, പക്ഷെ എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല. കണ്ണൂർ മുതൽ വെങ്കളം വരെയും വെങ്കളം മുതൽ കുറ്റിപ്പുറം വരെയുമുള്ള ഭാഗത്തെ പണി അവാർഡ് ചെയ്ത് എഗ്രിമെന്റ് കൺസഷണർ 24.02.2010-ന് ഒപ്പിട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് NH Act 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാരിന്റെ ഗസറ്റിൽ പരസ്യപ്പെടുത്തി ക്കഴിഞ്ഞു. എൻ.എച്ച് 17 -ൽ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കുള്ള 3(A) (1) വിജ്ഞാപനത്തിനുള്ള നടപടികൾ ചെയ്തുവരുന്നു. |

എൻ.എച്ച് 47 -ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള (കി.മീ.182/250 – 240/000) ഭാഗം നാലുവരി പാതയായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും BOT വ്യവസ്ഥയിൽ പണികൾ കരാർ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ എൻ.എച്ച്.എ.ഐ.യുടെ ന്യൂഡൽഹിയുടെ ഓഫീസിൽ പുരോഗമിച്ചുവരികയുമാണ്. വടക്കൻഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള 6 വരി പാതയുടെ പണികൾ BOT വ്യവസ്ഥയിൽ കരാർ നൽകി പുരോഗമിച്ചുവരുന്നു. തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ.270/00 – 316/700) വരെയുള്ള 4 വരി പാതയും അങ്കമാലി - ഇടപ്പള്ളി (കി.മീ.316/700 – 342/000) ഭാഗത്തിന്റെ ഇംപ്രൂവ്മെന്റും മെയിന്റനൻസും BOT വ്യവസ്ഥയിൽ 04.12.2011 -ൽ പൂർത്തിയായി. എൻ.എച്ച് 47 -ൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയും (കി.മീ.379/100 – 551/900) തിരുവനന്തപുരം മുതൽ കേരള-തമിഴ്നാട് അതിർത്തിവരെയുള്ള (കി.മീ.0/000 -43/000) (തിരുവനന്തപുരം ബൈപ്പാസ്) ഭാഗം 4/6 വരിപാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി എൻ.എച്ച്. ആക്ട് 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും

(ബി) ദേശീയപാതാവികസനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം കേന്ദ്രസർക്കാരിന്റെ

| | | |
|---|---|---|
| | സമീപനം എന്താണ് എന്ന് വ്യക്തമാക്കുമോ; | അനുമതിയോടെ ആണ് നടപ്പിലാക്കുന്നത്. ആയതിനാൽ കേന്ദ്രസർക്കാരും നാഷണൽ ഹൈവേ അതോറിറ്റിയും ഇക്കാര്യത്തിൽ അനുകൂലസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എങ്കിലും BOT അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന റോഡുകളിലും പാലങ്ങളിലും ടോൾ പിരിക്കുന്നതിനെതിരെയും സ്ഥലമേറ്റെടുക്കുന്നതിനെതിരെയും കേരളത്തിൽ പൊതുവെ കണ്ടുവരുന്ന പ്രക്ഷോഭപരിപാടികളിൽ കേന്ദ്രവും NHAI -യും അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്. |
| (സി) | കേരള സർക്കാർ പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ? | (സി) റവന്യൂവകുപ്പിന്റെ 15.11.2011 -ലെ സ.ഉ. (കയ്യെഴുത്ത്) നം.419/2011/റവ, പൊതു മരാമത്ത് വകുപ്പിന്റെ 16.12.2011 -ലെ സ.ഉ. (സാധാ) നം.1766/2011/പൊമവ. എന്നീ ഉത്തരവുകൾ പ്രകാരം പുനരധിവാസ പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ വീഡിയോ കോൺഫറൻസിംഗ് 27.12.2011 -ൽ നടത്തി. കൂടാതെ റവന്യൂ പൊതുമരാമത്ത്, വിദ്യാഭ്യാസ എന്നീ വകുപ്പ് മന്ത്രിമാരുടെയും പത്ത് ജില്ലാ കളക്ടർമാരുടെയും ദേശീയപാതാ അതോറിറ്റിയുടെ കേരളത്തിലെ നാലു പ്രോജക്ട് ഡയറക്ടർ മാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ചർച്ചകൾ നടത്തി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Salitha

സെക്ഷൻ ഓഫീസർ